പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1574 **01-07-2026-ൽ മറുപടിയ്ക്ക്**

പുനലൂർ താലൂക്ക് ആശുപത്രിയിലെ കാത്ത് ലാബ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ താലൂക്ക് ആശുപത്രിയിൽ നവകേരളം പദ്ധതിയിലുൾപ്പെടുത്തി കാത്ത് ലാബ് നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

മറുപടി: നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പുനലൂർ താലൂക്ക് ഹൈടെക്ക് ആശുപത്രിയിലെ കാത്ത് ലാബ് നിർമ്മാണത്തിന് 7 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇൻകൽ സമർപ്പിച്ച DPR പ്രകാരം കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തിയാക്കണമെങ്കിൽ 3,31,20,939/- രൂപ കൂടി ആവശ്യമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത ഏജൻസി ആരാണെന്നും തുടർ പ്രവർത്തങ്ങൾക്കുള്ള തടസം എന്താണെന്നും വിശദമാക്കാമോ?

മറുപടി: നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പുനലൂർ താലൂക്ക് ഹൈടെക്ക് ആശുപത്രിയിലെ കാത്ത് ലാബ് നിർമ്മാണത്തിന് 7 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇൻകൽ സമർപ്പിച്ച DPR പ്രകാരം കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തിയാക്കണമെങ്കിൽ 3,31,20,939/- രൂപ കൂടി ആവശ്യമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ